**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3238** **26-06-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ വിപണന പ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട വിപണന പ്രചാരണങ്ങളുടെ പ്രധാന്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കോവിഡിന് ശേഷം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിയ പ്രചാരണങ്ങൾ വിശദമാക്കാമോ; | (എ) | വിദേശ വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനായി നൂതനവും കാലികവുമായ നിരവധി വിനോദസഞ്ചാര പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി നൂതനമായ പദ്ധതി എന്ന നിലയിൽ കൂടുതൽ ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുവാൻ നൂതന പദ്ധതികൾ ആവിഷ്കരിച്ചത് വഴി സാധിച്ചു. വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ സഞ്ചാരികൾക്ക് ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. സോഷ്യൽ മീഡിയയുടെ പ്രയോജനം ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിന് നിരവധി നൂതന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നു.<br><br>കോവിഡിന് ശേഷം ആഭ്യന്തര വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി നടത്തിയ ചുവടെ ചേർക്കുന്ന പ്രചാരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനമാണ് ലക്ഷ്യമിട്ടത്.<br><br>സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ<br><br>കേരള ഡ്രൈവ് ഹോളിഡെയ്സ്<br><br>ലോംഗ് സ്റ്റേയ്സ് ഇൻ കേരള<br><br>ഹോംസ്റ്റേ പ്രമോഷൻ<br><br>ഹണിമൂൺ ഹോളിഡെയ്സ്<br><br>കാരവൻ ടൂറിസം പ്രമോഷൻ<br><br>ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ |

| | | | |
|---|---|---|---|
| | | | ഫാം ട്രിപ്പുകൾ<br>വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം<br>പോസ്റ്റ് കോവിഡ് ക്യാമ്പയിനുകൾ മുഖേന സംസ്ഥാനം സുരക്ഷിതമാണെന്ന സന്ദേശം രാജ്യത്തും വിദേശത്തും എത്തിക്കാനായി ഒ.ടി.ടി ചാനൽ, എഫ്.എം. റേഡിയോ, മ്യൂസിക് സ്ട്രീമിംഗ്, ഓൺലൈൻ ക്യാമ്പയിനുകൾ, നാഷണൽ ടിവി, സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ എന്നിവ ഏറെ ശ്രദ്ധിക്കപ്പെടുന്നുണ്ട്. ഗ്രാമീണ മേഖലയിലെ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷനുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| (ബി) | സംസ്ഥാനത്തിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ, ടെലിവിഷൻ, റേഡിയോ തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ എന്തെല്ലാം പ്രചാരണ പരിപാടികളാണ് നടത്തി വരുന്നത്; വിശദമാക്കാമോ; | (ബി) | വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ നവ മാധ്യമങ്ങളിലൂടെ കേരളത്തിന്റെ തനതായ പ്രകൃതി സൗന്ദര്യം കാഴ്ച വയ്ക്കുന്ന ഷോർട്ട് വീഡിയോകൾ, റീലുകൾ എന്നിവ പ്രദർശിപ്പിച്ചു വരുന്നു. സമ്മർ ക്യാമ്പയിന്റെ ഭാഗമായി ഇന്ത്യയിലെ വിവിധ സിറ്റികളിൽ റേഡിയോ, സിനിമ ഹാൾ, OTT, പ്രിന്റ് ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിൽ പരസ്യങ്ങൾ ചെയ്തു വരുന്നു. കൂടാതെ മിഡിൽ ഈസ്റ്റിലെ ദുബായ് ഇന്റർനാഷണൽ എയർപോർട്ട്, കിംഗ് ഖാലിദ് ഇന്റർനാഷണൽ എയർപോർട്ട് (റിയാദ്), മസ്കറ്റ് ഇന്റർനാഷണൽ എയർപോർട്ട് എന്നിവിടങ്ങളിൽ OOH ലും ഫേസ്ബുക്ക്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഗൂഗിൾ ആഡ്സ് എന്നീ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പ്രചാരണം നടത്തി വരുന്നു. |
| (സി) | ലോകമെമ്പാടുമുള്ള ബ്ലോഗർമാർക്ക് സംസ്ഥാനത്തെ അടുത്തറിയുവാനുള്ള സൗകര്യമൊരുക്കിക്കൊണ്ടുള്ള കാമ്പയിൻ ടൂറിസം പ്രചാരണത്തെ ത്വരിതപ്പെടുത്തി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്; കേരള ബ്ലോഗ് എക്സ്പ്രസ്സ്, ഇൻഫ്ലുവൻസേഴ്സ് ക്യാമ്പയിൻ ഉൾപ്പെടെയുള്ള പ്രചാരണ പരിപാടികൾ കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ ഫലമായി 2022 നെ അപേക്ഷിച്ച് 2023 വർഷത്തിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 87.83% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |
| (ഡി) | ആഭ്യന്തര വിനോദസഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാവുന്ന രീതിയിൽ വെർച്വൽ ട്രാവൽ ഗൈഡുകൾ പുറത്തിറക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ആഭ്യന്തര വിനോദസഞ്ചാരികൾക്ക് കേരളത്തിലെ പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള ടൂറിസത്തിന്റെ ഒഫീഷ്യൽ വെബ് സൈറ്റായ keralatourism.org -യിൽ E-Brochure-കൾ ലഭ്യമാക്കിയിട്ടുണ്ട്. ഇവ ആവശ്യക്കാർക്ക് ഡൗൺലോഡ് ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ പദ്മനാഭ സ്വാമി ക്ഷേത്രം സന്ദർശിക്കാൻ എത്തുന്നവർക്കു ക്ഷേത്രത്തെയും ചുറ്റുപാടുമുള്ള ചരിത്ര നിർമിതികളുടെയും ചരിത്രം ആഗ്മെന്റഡ് റിയാലിറ്റി (AR) സാങ്കേതിക വിദ്യയിലൂടെ മൊബൈൽ ഫോൺ വഴി ഒരു ആപ്പിലൂടെ തത്സമയം പരിചയപ്പെടുത്തുന്ന പദ്ധതി നിലവിൽ നിർമ്മാണഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ